**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6362** **10-11-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധികൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2021 ജൂൺ മുതൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'വിദ്യാകിരണം'. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ സമൂഹപങ്കാളിത്തത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമാക്കാൻ കഴിയുന്ന കുട്ടികളുടെ വിശദാംശങ്ങൾ അതത് സ്കൂളുകളിൽ നിന്ന് ശേഖരിക്കുകയും വിദ്യാകിരണം പോർട്ടലിലേയ്ക്ക് ഉൾപ്പെടുത്തുകയുംചെയ്യും. പ്രസ്തുത കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണം ലഭ്യമാക്കുന്നതിന് വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ പ്രത്യേകം സംഭാവനകൾ നൽകാൻ പദ്ധതിയിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സബ്ഹെഡ്ഡായി ധനവകുപ്പിന്റെ ഒരു പ്രത്യേക അക്കൗണ്ടിൽ ശേഖരിക്കുന്നു. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ധനവകുപ്പ് ഓൺലൈൻ രശീത് നൽകുമെന്നും ഇൻകംടാക്സ് ആക്ട് 1961 ന്റെ 80ജി (2) വകുപ്പ പ്രകാരം ഈ തുക പൂർണമായും ആദായനികുതി വിമുക്തമായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ആദ്യഘട്ടമായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിലെ പട്ടികജാതിവിഭാഗം കുട്ടികൾക്കുമുള്ള ലാപ്ടോപ്പ് വിതരണം ഉടൻ പൂർത്തിയാക്കും. 'വിദ്യാശ്രീ' പദ്ധതി പ്രകാരം ലഭിച്ച 45313 ലാപ്ടോപ്പുകളാണ് |

| | | | |
|---|---|---|---|
| | | | 'വിദ്യാകിരണം' പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നത്. |
| (ബി) | എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയോയെന്ന് വിശദമാക്കാമോ ? | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുന്നവിധത്തിലാണ് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ